B1– 25382/17

# പരിശോധനാ റിപ്പോർട്ട്
# ജില്ലാ പട്ടികജാതി വികസന ഓഫീസ്, കോട്ടയം

പരിശോധനാ കാലയളവ് : 01.04.2015 മുതൽ 31.08.2017 വരെ

പരിശോധനാ തീയതി : 13.09.2017 മുതൽ 16.09.2017 വരെ

പരിശോധനാ വിഭാഗം : ഫിൻ. ഡി. സെക്ഷൻ

സീനിയർ സൂപ്രണ്ട് : ശ്രീ. ജി. സുനിൽ

സീനിയർ ക്ലാർക്ക് : ശ്രീ. നിധീഷ്. എം.എ

## പരിശോധനാ കാലയളവിൽ ഓഫീസിന്റെ ചുമതല വഹിച്ചിരുന്ന ഓഫീസർമാർ

### ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. എം. നജീബ് | 21.12.2014 മുതൽ 04.08.2015 വരെ |
| 2 | ശ്രീമതി. ശാന്താമണി. കെ.കെ | 05.08.2015 മുതൽ 19.10.2016 വരെ |
| 3 | ശ്രീ. കെ.ബി. ലാലാജി | 20.10.2016 മുതൽ 31.05.2017 വരെ |
| 4 | ശ്രീ. ജോസഫ് ജോൺ | 01.06.2017 മുതൽ തുടരുന്നു |

### അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. എസ്. നസീർ | 30.07.2014 FN മുതൽ 21.10.2016 AN വരെ |
| 2 | ശ്രീ. ഹണി.റ്റി (ജൂനിയർ സൂപ്രണ്ട് (അഡീ. ചാർജ്ജ്) | 22.10.2016 FN മുതൽ 30.10.2016 AN വരെ |
| 3 | ശ്രീ. എസ്. വിജയരാഘവൻ | 31.10.2016 FN മുതൽ 02.05.2017 AN വരെ |
| 4 | ശ്രീ. ഹണി. റ്റി (ജൂനിയർ സൂപ്രണ്ട്) (അഡീ. ചാർജ്ജ്) | 03.05.2017 FN മുതൽ 09.05.2017 AN വരെ |

ആമുഖം

മുൻകാലയളവിലെ പരിശോധന സംബന്ധിച്ച്

I. വകുപ്പുതല പരിശോധന

31.03.2015 വരെയുള്ള കണക്കുകളുടെ വകുപ്പുതല പരിശോധന നടത്തിയിട്ടുണ്ട്. 04.09.2015 ലെ ഫിൻ.ബി1-17702/15 നമ്പർ കത്ത് പ്രകാരം ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് അയച്ചു കൊടുത്തിട്ടുള്ളതായി കാണുന്നു. ഡയറക്ടറേറ്റിൽ നിന്നും 03.08.2016 ലെ മേൽ നമ്പർ കത്ത് പ്രകാരം ന്യൂനത പരിഹരണം സംബന്ധിച്ച കത്ത് അയച്ചിട്ടുണ്ടെങ്കിലും ആയതിനുള്ള മറുപടി നൽകിയതായി കാണുന്നില്ല. മറുപടി നൽകി അവശേഷിക്കുന്ന പരാമർശങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം I

I. ക്യാഷ്ബുക്ക് & ബിൽബുക്ക്

എ. താഴെ പറയുന്ന ബില്ലുകൾ ക്യാഷ്ബുക്കിൽ വരവു കാണിച്ചിട്ടില്ലാത്ത തായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

ബിൽ നം. 65/റ്റി.സി/15-16 C/o. 12.08.2015

ബിൽ നം. 86/റ്റി.സി/15-16 C/o. 11.09.2016

ബിൽ നം. 203/റ്റി.സി/15-16 C/o. 15.02.2016

ബി. 07.06.2017 മുതലുള്ള രജിസ്റ്ററിൽ പേമെന്റ് സൈഡിലും, റസീപ്റ്റ് സൈഡിലും ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദീകരിക്കേണ്ടതാണ്.

സി. താഴെ പറയുന്ന അഡ്വാൻസ് ബില്ലുകൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.

209/Adv/15-16 C/o 15.2.16 Rs. 5000/-

115/Adv/15-16 C/o 17.10.15 Rs. 5,000/-

212/Adv/16-17 C/o. 30.01.17 Rs. 5,000/-

ഡി. ബിൽ ബുക്കിൽ ബിൽ നമ്പർ എഴുതുന്നതോടൊപ്പം എന്താവശ്യത്തിനുള്ള ക്ലെയിം എന്നു കൂടി ചേർക്കേണ്ടതാണ്.

## II. റ്റി.ആർ 5 റസീപ്റ്റ് & രജിസ്റ്റർ

എ. പുതിയ രൂപത്തിലുള്ള റ്റി.ആർ 5 രസീത് പരിപാലിച്ചു വരുന്നുണ്ട്.

ബി. രസീതിൽ ക്രെഡിറ്റഡ് ടു കൃഷ് ബുക്ക് പേജ് നമ്പർ എന്നിടത്ത് ക്യാഷ്ബുക്ക് പേജ് നമ്പറിനു പകരം റ്റി.ആർ 5 റസീപ്റ്റ് നമ്പർ എഴുതിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്. (ആർ.റ്റി. നം. 705401)

സി. 22.12.2015 ൽ 15750/- രൂപയും 29.03.2016 - ൽ 9448/- രൂപയും 05.04.2017 - ൽ 9975/- രൂപയും 17.04.2017 - ൽ 6,300/- രൂപയും രസീത് പ്രകാരം സ്വീകരിച്ചത് ട്രഷറിയിൽ അടച്ചിട്ടുണ്ട്.

ഡി. 75402 നമ്പർ രസീതിൽ രസീത് കൈപ്പറ്റിയ ആളുടെ ഒപ്പ് വാങ്ങിയിട്ടില്ല.

ഇ. പുതിയ ഓഫീസർ ചാർജെടുത്തപ്പോൾ റ്റി.ആർ-5 ലോ രജിസ്റ്ററിലോ ചാർജ്ജ് കൈമാറിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## III. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

സ്റ്റാമ്പ് ക്ലോസിംഗ് ബാലൻസ് 1368/- രൂപ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. താഴെപ്പറയുന്ന ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എ. 28.03.2015 മുതൽ 23.07.2015 വരെ രജിസ്റ്ററിലും 08.07.2017 മുതലുള്ള രജിസ്റ്ററിലും പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി. ദ്വൈവാര ഭൗതിക പരിശോധനാ സർട്ടിഫിക്കറ്റുകൾ രജിസ്റ്ററിൽ എഴുതി വരുന്നില്ല. ഉദാ : 28.03.2015 മുതൽ 23.07.2015, 25.08.2016 മുതൽ 24.11.16 വരെ, 02.04.2017 മുതൽ 07.07.17 വരെ .....

സി. രജിസ്റ്ററിൽ സ്റ്റാമ്പ് ക്ലോസിംഗ് ബാലൻസ് (Col. No. 7) എഴുതി വരുന്നില്ല

ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

IV. **കണ്ടിജന്റ് ബിൽ രജിസ്റ്റർ**

എ. 15-16, 16-17, 17-18 രജിസ്റ്ററുകൾക്ക് പേജ് സർട്ടിഫിക്കറ്റ് എഴുതി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി. 17-18 രജിസ്റ്ററിൽ ബില്ലുകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

V. **പേബിൽ രജിസ്റ്റർ**

എ. 15-16 രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്ലെയിം എൻട്രികൾ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ബി. 16-17, 17-18 വർഷ രജിസ്റ്ററുകളിലും ഈ ന്യൂനതകൾ ആവർത്തിച്ചിരിക്കുന്നു.

വിശദീകരണം നൽകേണ്ടതും, ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

VI. **അക്വിറ്റൻസ് - അപ്രന്റീസ് ക്ലാർക്ക് ഹോണറേറിയം / ഡെയ്‌ലി വേജസ്**

എ. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി. KTC VOl.I 432 (d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഒരു പേമെന്റിനും രേഖപ്പെടുത്തി യിട്ടില്ല (2017-18 വർഷം)

ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VII. **അക്വിറ്റൻസ് - സപ്പോർട്ടിംഗ് എഞ്ചിനീയർ**

അക്വിറ്റൻസ് സൂക്ഷിച്ചിട്ടുണ്ട്. പ്രത്യേക പരാമർശമില്ല.

രജിസ്റ്റർ ഓഫ് കൺസ്യൂമറബിൾസ്

രജിസ്റ്റർ പേജ് നമ്പറിട്ട് പേജ് സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിക്കേണ്ടതാണ്.

## VIII. ചെലാൻ ഫയൽ

ചെലാൻ ഫയൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് പഴക്കം ചെന്ന് ജീർണ്ണാവസ്ഥയിലാണ്. 2015-16 മുതൽ പുതിയ രജിസ്റ്റർ തുടങ്ങുന്നതിന് കഴിഞ്ഞ ഓഡിറ്റിലെ ശുപാർശ പാലിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം II

### പദ്ധതികൾ

### ബുക്ക്ബാങ്ക് പദ്ധതി

എ. 2015-16 മുതൽ ടി പദ്ധതിയ്ക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ബി. ഫയലുകൾ പരിശോധിച്ചതിൽ അലക്ഷ്യമായി കൈകാര്യം ചെയ്തിരിക്കുന്നതായി കാണുന്നു. 16-17 വർഷ ഫയലിൽ (കറണ്ട് ഫയൽ) പേപ്പറുകൾ വാരിവലിച്ച് കെട്ടിവച്ചിരിക്കുന്നു (Current file - It is arranged chrologically from top to bottom - MOP) ആയതിനാൽ ഫയൽ പരിശോധിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

സി. 2015-16 വർഷം 13 സ്ഥാപനങ്ങളിലെ 202 കുട്ടികൾക്ക് 4,59,900/- രൂപയും 2016-17 13 സ്ഥാപനങ്ങളിലെ 182 കുട്ടികൾക്ക് ~~5,99,700~~ 499,700/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ഡി. 2016-17 വർഷത്തിൽ തുക വിതരണം നടത്തിയതിൽ യൂട്ടിലൈസേഷൻ ഹാജരാക്കുവാനുള്ള 5 സ്ഥാപനങ്ങളിൽ നിന്നും ആയത് ശേഖരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് അയക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഇ. 2015-16 വർഷം സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, എം.ജി. യൂണിവേഴ്സിറ്റിയ്ക്ക് 75,000/- രൂപ അനുവദിച്ചു. (ജില്ലാ ഓഫീസറുടെ ബി1-10450/15 തീയതി. 22.09.2015) എന്നാൽ ബുക്ക് വാങ്ങിയതിന്റെ 70,000/- രൂപയുടെ ബിൽ ഹാജരാക്കിയിരിക്കുന്നു. കാരണം വിശദീകരിക്കേണ്ടതാണ്.

എഫ്. ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ബി-10450/15 നമ്പർ 11.12.2015 ലെ ഉത്തരവ് പ്രകാരം 45,000/- രൂപ അനുവദിച്ച School of Indian Legal thought 16623/- രൂപയുടെ വൗച്ചർ ഹാജരാക്കുകയും 28,377/- രൂപയുടെ വൗച്ചർ മുമ്പ് ഹാജരാക്കിയതായി പറയുകയും ചെയ്യുന്നു. ടി വൗച്ചർ കണ്ടെടുത്തിട്ട് അറിയിക്കേണ്ടതാണ്.

IX. സ്റ്റെതസ്കോപ്പ് വിതരണം

എ. പദ്ധതിയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(ബി) എം.ബി.ബി.എസ്/ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനായി ഒരു കുട്ടിയ്ക്ക് 5,800/- രൂപ വീതം അനുവദിക്കുന്നു.

(സി) 2015-16 വർഷം ഗവ. മെഡിക്കൽ കോളേജിൽ 13 കുട്ടികൾക്കും ഗവ. ഡന്റൽ കോളേജിൽ 3 കുട്ടികൾക്കും ആകെ 16 കുട്ടികൾക്ക് 92,800/- രൂപ അനുവദിച്ചു. ഗവ. മെഡിക്കൽ കോളേജ് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ശേഖരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഡി) 2016-17 വർഷം അനുവദിച്ച 92,800/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചു തരേണ്ടതാണ്.

X. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

(എ) 2015-16 വർഷം പക്ഷാചരണത്തിന്റെ സംസ്ഥാന പരിപാടികളുടെ സമാപന സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു. ആകെ 3,00,000 ലക്ഷം രൂപ അനുവദിക്കുകയും 148394/- രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. ജില്ലാ ഓഫീസറുടെ എ5-11342/15 നമ്പർ 5.10.2015 ഉത്തരവു പ്രകാരം മുൻകൂർ മാറിയ തുക അതേ നമ്പർ 10.2.2016 ഉത്തരവു പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ അറിയിച്ചതായി ഫയലിൽ കാണുന്നില്ല. ആയത് ഹാജരാക്കേണ്ടതാണ്.

(ബി) 2016-17 വർഷം പക്ഷാചരണത്തിന്റെ ഭാഗമായ കാര്യപരിപാടികൾ 15.10.2016- ന് കുറിച്ചി സചിവോത്തമപുരം മഹാത്മാ അയ്യങ്കാളി സ്മാരക മന്ദിരത്തിൽ വച്ച് നടത്തി. ഡയറക്ടർ ഡെവ. ബി3-24848/16 നമ്പർ 2.3.16 പ്രകാരം 50,000/- രൂപ അനുവദിച്ചു. അധികമായി 12,330/- രൂപ ചെലവഴിച്ചിട്ടുണ്ട്. എ5-13275/16 നമ്പർ 7.1.17 ലെ ഉത്തരവു പ്രകാരം മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

(സി) ഫയൽ അലക്ഷ്യമായാണ് സൂക്ഷിച്ചിരിക്കുന്നത്. ഫയലിൽ പേപ്പറുകൾ ടാഗ് ഇല്ലാതെ വാരി വലിച്ച് കെട്ടിവച്ചിരിക്കുന്നു.

## അതിക്രമം തടയൽ ധനസഹായം

(എ) അതിക്രമത്തിനിരയായവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം 2015-16 വർഷം 14 പേർക്ക് 6,45,000/- രൂപയും 16-17 വർഷം 16 പേർക്ക് 14,17,500/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ യഥാസമയം കൂടുന്നുണ്ട്.

(ബി) ബിൽ നം. 210/PCR/14-15 C/o 25.03.15 പ്രകാരം മാറിയ തുകയിൽ (കുമാരി അഞ്ജനാ സുരേഷ്, തലയന്നകണ്ടത്തിൽ, മുത്തോലിപ്പാലം, പുലിയന്നൂർ എന്നയാളുടെ തുക (രൂപ 60,000/- ) തിരികെ അടച്ചതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

## XI. ലാപ്ടോപ് വിതരണം

2015-16 വർഷം 12 സ്ഥാപനങ്ങളിലെ 372 കുട്ടികൾക്ക് ലാപ്ടോപ് വിതരണത്തിനായി 93 ലക്ഷം രൂപയും 16-17 വർഷം 21 സ്ഥാപനങ്ങളിൽ 157 കുട്ടികൾക്കായി 39.25 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു.

15-16 വർഷം ഒരു സ്ഥാപനവും 16-17 വർഷം 17 സ്ഥാപനങ്ങളും വിനിയോഗ വിവരങ്ങൾ ഹാജരാക്കാനുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XII. അഡ്വക്കേറ്റ് ഗ്രാന്റ്

2015-16 വർഷം 4 പേർക്ക് 42,000/- രൂപയും 2016-17 വർഷം 3 പേർക്ക് 33,750/- രൂപയും അനുവദിച്ചിട്ടുണ്ട്.

### (എ) ബിന്ദു. പി, പടിഞ്ഞാറേതിൽ ഹൗസ്, എസ്.എച്ച് മൗണ്ട്

ജില്ലാ ഓഫീസറുടെ ബി6-5462/15 നമ്പർ 9.2.16 ലെ ഉത്തരവ് പ്രകാരം 8250/- രൂപ അനുവദിച്ചു. ടി തുകയുടെ വിനിയോഗ വിവരങ്ങൾ ഗുണഭോക്താവ് ഹാജരാക്കിയിട്ടില്ല.

### (ബി) ശ്രീമതി. സംഗീത. വി.എസ്, വടക്കേപ്പുരയ്ക്കൽ, കാട്ടിക്കുന്ന്

ബി6-6540/13 നമ്പർ 09.02.2016 ലെ ഉത്തരവുപ്രകാരം 11,250/- രൂപ അനുവദിച്ചിരിക്കുന്നു. തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

(സി) <u>പ്രസന്ന. ബി.റ്റി, ബംഗ്ളാംകുന്നേൽ, കറുച്ചോൽ. പി.ഒ</u>

ബി6-2744/12 നമ്പർ 22.06.2016 ലെ ഉത്തരവുപ്രകാരം 11,250/- രൂപ അനുവദിച്ചിരിക്കുന്നു. ഗുണഭോക്താവ് വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ടിയാളുടെ എഗ്രിമെന്റ് ജില്ലാ പട്ടികജാതി വികസന ആഫീസർ Countersign ചെയ്തിട്ടില്ല.

(ഡി) **അനിൽകുമാർ. വി.പി, വെള്ളാം പറമ്പത്ത്, നേരേക്കാവ്, ഉദയാനപുരം**

മൂന്നാം ഗഡുവായി 11250/- രൂപ (ഉത്തരവ് നം. ബി6-5916/12 തീയതി. 14.2.17) അനുവദിച്ചിരിക്കുന്നു. വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ന്യൂനതകൾ പരിഹരിച്ച് ~~വിവരം റിപ്പോർട്ട്~~ ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**XIII. സർവ്വീസ് ബുക്കുകൾ**

സർവ്വീസ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ താഴെപ്പറയുന്ന ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

(എ) **മണിക്കുട്ടൻ. ഇ.ജി- ക്ലാർക്ക്**

1. Pay Fixation Statement സർവ്വീസ് ബുക്കിൽ അലക്ഷ്യമായി വച്ചിരിക്കുന്നു. ആയത് Paste ചെയ്ത് ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.
2. ടിയാന്റെ ഫോട്ടോ, ഡിപ്പാർട്ട്മെന്റൽ പരീക്ഷാഫലം, വിദ്യാഭ്യാസയോഗ്യത ഇവ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**ലളിതാംബിക. കെ.പി - ഓഫീസ് അറ്റൻഡന്റ്**

ജി.ഒ (പി) നം. 75/2007/ഫിൻ, തീയതി. 27.02.2007 അനുസരിച്ച് ആദ്യവർഷം1/22 നിരക്കിൽ കണക്കായിട്ടുള്ള Earned leave 3 വർഷ സർവ്വീസ് പൂർത്തിയാക്കുമ്പോൾ 1/11 നിരക്കിൽ recast ചെയ്യാവുന്നതാണ്. ടി ആളുടെ ലീവ് അക്കൗണ്ട് അതനുസരിച്ച് പുനക്രമീകരിക്കേണ്ടതാണ്.

**ഗ്രേഡി ജോസഫ്, ഹെഡ്കുക്ക്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

(എ) സർവ്വീസ് ബുക്കിൽ ഫോട്ടോ ഒട്ടിച്ചില്ലാത്തതായി കാണുന്നു.

(ബി) GPF, SLI, GIS പദ്ധതികളിലേയ്ക്കുള്ള അഡ്മിഷൻ വിവരങ്ങൾ വരുത്തിയത് ഓഫീസിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(സി) ടിയാൾ 03.06.2015 മുതൽ 05.07.2015 വരെ 30 ദിവസം Commuted Leave എടുത്തിരിക്കുന്നു. എന്നാൽ 01.04.2015 മുതൽ 30.04.2016 വരെ കാലയളവിൽ Earned Leave അക്കൗണ്ടിൽ 60 ദിവസം കുറവു വരുത്തിയിരിക്കുന്നു. ടി നടപടി പരിശോധിച്ച് ലീവ് അക്കൗണ്ടിൽ മാറ്റം വരുത്തേണ്ടതാണ്.

(ഡി) ജി.ഒ (പി) നം. 75/2007/ഫിൻ, തീയതി. 27.02.2007 പ്രകാരം Earned Leave അക്കൗണ്ട് recast ചെയ്യേണ്ടതാണ്.

ജ്യോതി. റ്റി.വി, സീനിയർ ക്ലാർക്ക്

(എ) ഫോട്ടോ അറ്റസ്റ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല

(ബി) പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് സർവ്വീസ് ബുക്കിൽ പേസ്റ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

(സി) Earned leave അക്കൗണ്ട് recast ചെയ്തിട്ടില്ല.

സർവ്വീസ് ബുക്കിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XIV. എൻട്രൻസ് കോച്ചിംഗ്

2015-16, 2016-17 വർഷങ്ങളിൽ 22 കുട്ടികൾക്കു വീതം 2.2 ലക്ഷം രൂപ വീതം നൽകിയിരിക്കുന്നു. 2014-15 വർഷം 1 കുട്ടിയുടെയും 2016-17 വർഷം 4 കുട്ടികളുടെ തുക തിരികെ അടയ്ക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

XV. അക്വിറ്റൻസ് രജിസ്റ്റർ (സ്റ്റാഫ്)

(എ) 24.06.2015 വരെയുള്ള രജിസ്റ്ററിൽ Count Certificate രേഖപ്പെടുത്തിയിട്ടില്ല.

(ബി) 'SPARK' മുഖേന തുക വിതരണം നടത്തുന്ന സാഹചര്യത്തിൽ 'SPARK' ൽ നിന്നും വിതരണ സംക്ഷിപ്തം ഡൗൺലോഡ് ചെയ്ത് ആയതിന്റെ പ്രിന്റ് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റ് ആവശ്യത്തിന് ഉപയോഗിക്കേണ്ടതാണ്.

(ജി.ഒ (പി) നം. 138/2016/ഫിൻ, തീയതി. 23.09.2016)

(സി) രജിസ്റ്ററിൽ റൂൾ 432 (ഡി) പ്രകാരം സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XVI. പണംപറ്റ് രസീതുകൾ

താഴെ പറയുന്ന പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകൾ / ഒറിജിനൽ ബില്ലുകൾ ലഭ്യമായിട്ടില്ല.

ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം | തീയതി | തുക |
|---|---|---|
| 1 | 18.05.2015 | 560 |
| 2 | 10.06.2015 | 248 |
| 3 | 24.07.2015 | 2100 |
| 4 | 24.07.2015 | 1000 |
| 5 | 25.08.2015 | 3694 |
| 6 | 11.09.2015 | 2260 |
| 7 | 14.10.2015 | 320 |
| 8 | 13.01.2016 | 1140 |
| 9 | 13.01.2016 | 2200 |
| 10 | 05.03.2016 | 1350 |
| 11 | 28.03.2016 | 4365 |

## XVII. ഡി.ഡി. രജിസ്റ്റർ

(എ) രജിസ്റ്റർ പരിപാലിക്കുന്നു. 2017-18 വർഷത്തെ ഡി.ഡി വിതരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XVIII. വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം

(എ) 2015-16 വർഷം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 25.11.2015 ലെ എ3-7433/15 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ശ്രീകാന്ത്.എം.എസ്, മുരിക്കയിൽ ഹൗസ്, മുക്കട. പി.ഒ, ചാരുവേലി, കോട്ടയം എന്ന ഗുണഭോക്താവിന് ഒറ്റത്തവണയായി

50,000/- രൂപ അനുവദിച്ചിട്ടുള്ളതായി കാണുന്നു. 12.08.2015 ലാണ് ടി പദ്ധതി സംബന്ധിച്ച് പത്രപ്പരസ്യം നൽകിയിട്ടുള്ളത്. എന്നാൽ ടിയാൻ 23.12.2014 - ൽ വിദേശത്ത് പോയിട്ടുള്ളതായി കാണുന്നു. മാത്രമല്ല ടിയാന്റെ എംപ്ലോയ്മെന്റ് കരാർ പത്രം പരിശോധിച്ചതിൽ 23.12.2014 മുതൽ 20.02.2015 വരെ മാത്രം ഉള്ളതാണെന്ന് കാണുന്നു. അതായത് മൂന്നു മാസ കാലാവധിയുള്ള വിസയിലാണ് ടിയാൻ വിദേശത്ത് പോയിട്ടുള്ളത്. വിശദീകരിക്കേണ്ടതാണ്.

(ബി) 2015-16 വർഷം ശ്രീമതി. ബബിത ബാബു എന്ന ഗുണഭോക്താവിന് ടി പദ്ധതി പ്രകാരം 50,000/- രൂപ ഒറ്റത്തവണയായി നൽകിയിരിക്കുന്നു. ടിയാരി 01.06.2015 - ന് വിദേശത്ത് ജോലിയിൽ പ്രവേശിച്ചതായി തൊഴിൽ ദാതാവിൽ നിന്ന് ലഭ്യമാക്കിയ രേഖയിൽ കാണുന്നു. ടിയാരിയുടെ വിസ കാലാവധി 29.04.2015 മുതൽ 27.06.2015 വരെ 2 മാസ കാലാവധി മാത്രമാണുള്ളത്. കൂടാതെ ടിയാരി അപേക്ഷ സമർപ്പിച്ചിട്ടില്ല. ടിയാരിയുടെ അമ്മ വത്സല, പ്ലാന്തോട്ടം, ഞാർകാട്, ഇളങ്കാട് എന്നയാളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

(സി) ശ്രീമതി. അശ്വതി കൃഷ്ണൻകുട്ടി, കാളക്കുട്ടിമായേൽ, ചാമക്കാല എന്ന ഗുണഭോക്താവിന് വേണ്ടി അച്ഛൻ കെ.സി. കൃഷ്ണൻകുട്ടിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാരിയുടെ വിസ കാലാവധി 90 ദിവസം മാത്രമാണെന്ന് കാണുന്നു.

(ഡി) ശ്രീ. അരുൺബാബു, കുരിയാനിമറ്റം വീട്, പെരുമ്പനച്ചി, ചങ്ങനാശ്ശേരി എന്ന ഗുണഭോക്താവിന് 50,000/- രൂപ ഒറ്റത്തവണയായി നൽകിയിരിക്കുന്നു. ടിയാന്റെ വിസ കാലാവധി 25.08.2015 മുതൽ 21.02.2016 വരെ മാത്രമാണുള്ളത്.

(ഇ) ശ്രീ. ഷിനു. പി.കെ, പുതുപ്പറമ്പിൽ, ചങ്ങൻപത്തൽ, മുണ്ടക്കയം എന്ന ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിട്ടില്ല. ടിയാന്റെ അച്ഛൻ എൻ. കുമരേശൻ ആണ് 16.12.2015 - ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 11.09.2015 മുതൽ ജോലി ചെയ്യുന്നതായുള്ള തൊഴിൽ ദാതാവിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. അതായത് അപേക്ഷ സമർപ്പിക്കുന്നതിന് 3 മാസം മുമ്പേ ടിയാൻ വിദേശത്ത് ജോലിയിൽ പ്രവേശിച്ചിരുന്നു. കൂടാതെ ടിയാന്റെ മേൽ സർട്ടിഫിക്കറ്റിൽ 2,200/- റിയാൽ ശമ്പളം നൽകുന്നതായി കമ്പനി അവകാശപ്പെടുമ്പോൾ ടിയാന്റെ അച്ഛൻ നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ 27,000/- രൂപ മാത്രമാണ് വരുമാനം.

(എഫ്) ശ്രീ. സനീഷ്. കെ.എസ്, തുരുത്തി, പള്ളിച്ചിറയിൽ, കുടവെച്ചൂർ എന്ന ഗുണ ഭോക്താവിന് ധനസഹായമായി 50,000/- രൂപ ഒറ്റത്തവണയായി നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ടിയാന്റെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി പട്ടികജാതി വികസന ഓഫീസർ ശുപാർശ ചെയ്ത് അയച്ചിരിക്കുന്നു.

(ജി) ശ്രീ. അനീഷ്കുമാർ. എൻ.കെ, നീറാകുളത്ത്, ഏഴാച്ചേരി എന്ന ഗുണഭോക്താവിന് 19.02.2016 ലെ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ എ3-7433/15 നമ്പർ ഉത്തരവ് പ്രകാരം 50,000/- രൂപ ഒറ്റത്തവണയായി നൽകിയിരിക്കുന്നു. ടിയാന്റെ വിസ കാലാവധി 4.11.2015 മുതൽ 2.1.2016 വരെ മാത്രമാണുള്ളത്. എന്നാൽ ടിയാന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ 9.2.2016, 10.02.2016 തീയതികളിലുള്ളതാണ്.

(എച്ച്) അഭിലാഷ്ദാസ്. കെ, കുളത്തുങ്കൽ, മാടപ്പള്ളി എന്ന ഗുണഭോക്താവിന് പദ്ധതി പ്രകാരം 50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടിയാൻ 6.2.2016 മുതൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്തിരിക്കുന്നത് 9.2.2016 - ന് ആണ് 10.2.2016 - ന് തുക അനുവദിച്ച് ഉത്തരവായിരിക്കുന്നു.

ടി പദ്ധതി നിർവ്വഹണത്തിൽ ഗൗരവതരമായ പാളിച്ചകൾ കാണുന്നു. സർക്കാർ ഉത്തരവ് (സാധാ) നം. 1525/2013/പജ പവ വിവ, തീയതി. 29.10.2013 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് പദ്ധതി നടത്തി വരുന്നതെന്ന് കാണുന്നു. മേൽ പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## XIX. അക്വിറ്റൻസ് രജിസ്റ്റർ (മിശ്രവിവാഹ ധനസഹായ പദ്ധതി)

(എ) രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

(ബി) എല്ലാ രേഖപ്പെടുത്തലുകളും ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

(സി) ബാങ്ക് മുഖേന തുക വിതരണം ചെയ്യുമ്പോൾ ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**XX. അക്വിറ്റൻസ് രജിസ്റ്റർ (ഭൂരഹിത പുനരധിവാസ പദ്ധതി)**

(എ) 2016-17 വർഷം ടി പദ്ധതി പ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാങ്ക് മുഖേന തുക വിതരണം ചെയ്യുമ്പോൾ ആയതിന്റെ വിശദാംശം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.

XXI. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

(എ) 2015-16 വർഷം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ബി3-12670/16, തീയതി. 30.12.2016 ഉത്തരവ് പ്രകാരം 30,845/- (മുപ്പതിനായിരത്തി എണ്ണൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാരിയുടെ ജാതി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

(ബി) ശ്രീതമതി. അനില സന്തോഷ് - അൽഫോൺസ് കോളേജ്, ചാല എന്ന വിദ്യാർത്ഥിനിയ്ക്ക് 22,150/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാരിയുടെ അപേക്ഷ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**XXII. പഠനയാത്രാ പരിപാടി**

(എ) ടി പദ്ധതി പ്രകാരം 2015-16 വർഷം 164 വിദ്യാർത്ഥികൾക്കായി 2,86,972/- രൂപയും 2016-17 വർഷം 205 വിദ്യാർത്ഥികൾക്കായി 4,08,703/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയത് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(സി) സ്ഥാപന മേധാവിയിൽ നിന്നും വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്ത അക്വിറ്റൻസ് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 2015 വർഷം ഇപ്രകാരം അക്വിറ്റൻസ് ലഭ്യമാക്കിയതായി കാണുന്നു.

(ഡി) 2016-17 വർഷം വർഷം തുക വിതരണം ചെയ്തിട്ടുള്ള മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ

സയൻസ്, സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ, എരുമേലി എന്നീ സ്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭ്യമായതായി കാണുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർക്ക് ചെയ്യേണ്ടതാണ്.

**XXIII. ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി**

(എ) ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രീ. സുരേഷ്. പി. കെ, വാഴൂർ ബ്ലോക്ക് എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായ 12,500/- രൂപ നൽകിയതായും എന്നാൽ പണി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും രണ്ടം ഗഡു നൽകിയിട്ടില്ല എന്നും ടിയാൻ ജില്ലാകളക്ടർ, കോട്ടയം മുഖേന പരാതിപ്പെട്ടിട്ടുള്ളതായി കാണുന്നു. (ജില്ലാ കളക്ടറുടെ 28.06.2016 ലെ എൻ ഡി എസ് കെ-5/324/16/എഫ് സി നമ്പർ കത്ത്) എന്നാൽ ആയതിന് യാതൊരു മറുപടിയും നൽകിയതായി കാണുന്നില്ല. നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XXIV. സ്വയംതൊഴിൽ പദ്ധതി

ടി പദ്ധതി പ്രകാരം 2015-16 വർഷം 17 ഗുണഭോക്താക്കൾക്കായി 15,80,163/- രൂപയും 2016-17 വർഷം 21 ഗുണഭോക്താക്കൾക്കായി 16,00,508/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

(എ) Art 63 (a) of KFC Vol. I പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതും Art 63 (b) of KFC Vol. I പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഫർണിച്ചർ രജിസ്റ്റർ

(എ) പരിശോധനാ കാലയളവിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## Cash Received and Despatched Register

(എ) രജിസ്റ്റർ പരിപാലിക്കുന്നില്ല. Rule 131 (d) of KTC Vol I പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള Form TR-27A ലുള്ള രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*പൊതു അഭിപ്രായം*

ഓഫീസ് പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്ന് കാണുന്നു. പദ്ധതിയുടെ നടത്തിപ്പിൽ താരതമ്യേന നിലവാരം പുലർത്തുന്നുണ്ടെങ്കിലും കുറേക്കൂടി സൂക്ഷ്മത പുലർത്തേണ്ടതുണ്ട് എന്ന് അഭിപ്രായപ്പെടുന്നു.

(ഒപ്പ്)
സീനിയർ ഫിനാൻസ് ഓഫീസർ

പി.എൽ 6.11.17